**മലങ്കര സുറിയാനി കത്തോലിക്കാ സഭ**

2026-ലെ അല്മായ ദിനത്തോടനുബന്ധിച്ച്,
അല്മായ സംഘടനകളുടെ ഏകോപനത്തിനുള്ള സുന്നഹദോസ്
കൗൺസിലിന്റെ മോഡറേറ്റർ
**അഭിവന്ദ്യ ഡോ. ജോസഫ് മാർ തോമസ് മെത്രാപ്പോലീത്താ**
പുറപ്പെടുവിക്കുന്ന സർക്കുലർ

# അല്മായ ദിനം

വന്ദ്യ കോറെപ്പിസ്ക്കോപ്പാമാരേ, വന്ദ്യ റമ്പാച്ചന്മാരേ, ബഹു. വൈദികരേ, ബഹു. സമർപ്പിതരേ, കർത്താവിൽ പ്രിയ സഹോദരി സഹോദരന്മാരേ,

മലങ്കര സുറിയാനി കത്തോലിക്കാ സഭ ഈ വർഷത്തെ അല്മായ ദിനം മെയ് മാസം 3-ാം തീയതി ഞായറാഴ്ച ആചരിക്കുകയാണ്. സഭയിൽ അല്മായരുടെ വിളിയും ദൗത്യവും അനുസ്മരിക്കുവാനും, അല്മായ പ്രേഷിത ശുശ്രൂഷ ജാഗ്രതയോടെ നിറവേറ്റുവാനും അല്മായർക്ക് വേണ്ടി പ്രത്യേകം പ്രാർത്ഥിക്കുവാനും വേണ്ടിയാണ് അല്മായ ദിനം സഭ ആചരിക്കുന്നത്. ഈ ദിവസത്തിന്റെ ആശംസകളും അനുഗ്രഹങ്ങളും എല്ലാ അല്മായ സഹോദരങ്ങൾക്കും സമൃദ്ധിയായി നേരുന്നു.

## 1) ആത്മീയ നവീകരണം

അല്മായ ദിനാഘോഷം ആത്മീയ നവീകരണത്തിനുള്ള സന്ദർഭമാണ്. ആത്മീയ നവീകരണത്തിന് സഹായിക്കുന്നത് പ്രാർത്ഥനയുടെയും, പഠനത്തിന്റെയും, കൂട്ടായ്മയുടെയും അവസരങ്ങളാണെന്ന് പരി. ലിയോ പതിനാലാമൻ മാർപാപ്പ ഓർമ്മിപ്പിക്കുന്നു. അല്മായ ദിനാഘോഷം ഒന്നാമതായി പ്രാർത്ഥനാ ദിനമായി നാം ആചരിക്കണം. അദ്ധ്യാത്മികത എന്ന് പറയുന്നത് "മാനസാന്തരപ്പെട്ട് സുവിശേഷത്തിൽ വിശ്വസിക്കുവിൻ" (മർക്കോ 1:15) എന്ന യേശുവിന്റെ ആഹ്വാനത്തിന് പ്രത്യുത്തരം നൽകിക്കൊണ്ട് വിശ്വാസത്തിലും, സ്നേഹത്തിലും, പ്രത്യാശയിലും, വളരുന്ന അനുഭവമാണ്. അടിസ്ഥാനപരമായി ഒരു ക്രൈസ്തവ ആദ്ധ്യാത്മികതയേയുള്ളൂ; അത് സഭാത്മക ആദ്ധ്യാത്മികതയാണ്.

യേശുവിന്റെ മരണോത്ഥാനങ്ങളിലൂടെ പൂർത്തിയാക്കപ്പെട്ട പെസഹാ രഹസ്യത്തിൽ വേരുന്നി നിൽക്കുന്നതും, പരിശുദ്ധ കുർബാനയിൽ കേന്ദ്രീകൃതമായി സഭാകൂട്ടായ്മയിൽ ജീവിക്കുന്നതുമായ ആദ്ധ്യാത്മികതയാണ് അത്. ഈ ആദ്ധ്യാത്മികത നിരന്തരമായ പ്രാർത്ഥനയിലും, പരി. കുർബാനയിലും, കൂദാശകളിലുമുള്ള ഭാഗഭാഗിത്വത്തിലൂടെ ലഭിക്കുന്ന കൃപാവരജീവിതമാണ്. ക്രിസ്തീയ ജീവിതം വിശ്വാസത്തിലൂന്നിയ ജീവിതമാണ്. ആരാധനയ്ക്ക് അനുസൃതമായ ജീവിതമാണ്. വിശ്വാസം ജീവിക്കുന്നതാണ് ആദ്ധ്യാത്മികത. കാലഘട്ടത്തിന്റെ വെല്ലുവിളികളെ അതിജീവിക്കുവാൻ നാം കൂടുതൽ ആത്മീയ ശക്തിയും നവീകരണവും പ്രാപിക്കണം. വി.മത്തായി ശ്ലീഹാ പറയുന്നു "നിങ്ങളുടെ വെളിച്ചം മനുഷ്യരുടെ മുമ്പിൽ പ്രകാശിക്കട്ടെ" (മത്താ: 5:16) എന്ന്. അല്മായ ദിനാചരണം നമുക്ക് ആത്മീയ നവീകരണത്തിന്റെ അവസരമാക്കാം.

## 2) അല്മായരുടെ വിളിയും ദൗത്യവും

അല്മായരുടെ ദൗത്യത്തെ സഭയ്ക്കുള്ളിലുള്ള (ad intra) ദൗത്യമെന്നും ലോകത്തിലുള്ള അവരുടെ ദൗത്യമെന്നും (ad extra) രണ്ടായി തിരിക്കാം. ആദ്യത്തേത് സഭയ്ക്കുള്ളിലെ പ്രവർത്തനങ്ങളും അതിന്റെ വളർച്ചയും ലക്ഷ്യമാക്കുമ്പോൾ, രണ്ടാമത്തേത് ലോകത്തിന്റെ പരിവർത്തനത്തിനായുള്ള ലോകത്തിലെ പ്രവർത്തനങ്ങളെ ലക്ഷ്യമാക്കുന്നു. സഭാ സമൂഹത്തിന്റെ നിർമ്മിതിയും, ലോകത്തിന്റെ പരിവർത്തനവും അല്മായ പ്രേഷിതത്വത്തിന്റെ ലക്ഷ്യമാകുന്നുവെന്ന് രണ്ടാം വത്തിക്കാൻ കൗൺസിൽ പഠിപ്പിക്കുന്നു. തങ്ങളുടെ സഹപ്രവർത്തകരായിട്ടാണ് അപ്പോസ്തോലന്മാർ ആദിമ സഭയിൽ വിശ്വാസികളെ കരുതിയിരുന്നത്. "എന്റെ കൈവയ്പിലൂടെ നിനക്കു ലഭിച്ച ദൈവികവരം വീണ്ടും ഉജ്ജ്വലിപ്പിക്കണമെന്നു ഞാൻ നിന്നെ അനുസ്മരിപ്പിക്കുന്നു" (2 തിമോ: 1:6). സഭയുടെ ദൗത്യനിർവഹണത്തിൽ അല്മായരുടെ പങ്ക് അതിശ്രേഷ്ഠമാണ്. യേശുക്രിസ്തുവിൽ മാമോദീസ സ്വീകരിച്ച എല്ലാവരും സുവിശേഷത്തിന്റെ സാക്ഷികളും പ്രഘോഷകരും ആകുവാൻ വിളിക്കപ്പെട്ടവരാണ്. ഈ വിളിയും ദൗത്യവും ആഴത്തിൽ മനസ്സിലാക്കി പ്രവർത്തിക്കാൻ വേണ്ടിയാണ് മലങ്കര സുറിയാനി കത്തോലിക്കാ സഭയിൽ കൈവയ്പ്പോടുകൂടി സുവിശേഷ സംഘാംഗങ്ങൾക്ക് രൂപം നൽകിയത്. സുവിശേഷ സംഘാംഗങ്ങളുടെ സമർപ്പണത്തിലൂടെ നമ്മുടെ സഭയുടെ പ്രേഷിത പ്രവർത്തനം

കരുത്താർജികുന്നതോടൊപ്പം, അത് അല്മായരുടെ വിളിയേയും ദൗത്യത്തേയും കൂടുതൽ ശാക്തീകരിക്കുന്നതിന് പ്രചോദനമായി മാറണം. അല്മായരുടെ പ്രേഷിത പ്രവർത്തനം കൂടുതൽ ഫലവത്താക്കേണ്ട കാലഘട്ടത്തിലാണ് നാം ജീവിക്കുന്നത്. ലോകമെങ്ങും പോയി സുവിശേഷം അറിയിക്കുക എന്നത് കർത്താവ് നമുക്ക് നൽകിയ കൽപ്പനയാണ് (മർക്കോ: 16:15). അതുപോലെതന്നെ അത് നാം അനുഭവിക്കുന്ന ദൈവ സ്നേഹത്തിന്റെയും കരുണയുടെയും പങ്കുവെക്കലാണ്. ഒപ്പം രക്ഷാകര രഹസ്യങ്ങളുടെ വിപുലീകരണവും. "ഈ ചെറിയവരിൽ ഒരുവൻ പോലും നശിച്ചു പോകുവാൻ എന്റെ സ്വർഗസ്ഥനായ പിതാവ് ഇഷ്ടപ്പെടുന്നില്ല" (മത്താ:18:14). "എല്ലാവരും രക്ഷിക്കപ്പെടണമെന്നും, സത്യം അറിയണമെന്നുമാണ് അവിടുന്ന് ആഗ്രഹിക്കുന്നത്" (1 തിമോ: 2:4). അല്മായ ദിനാഘോഷം ദൈവം നമുക്ക് തന്ന പ്രേഷിത വിളിയും, ദൗത്യവും ഈ കാലഘട്ടത്തിന്റെ വെല്ലുവിളികളെ അതിജീവിച്ച് പ്രവാർത്തികമാക്കാൻ നമുക്ക് പരിശ്രമിക്കാം.

### 3) അല്മായ പ്രേഷിതത്വം

ലൗകീകരിക്കപ്പെട്ടുകൊണ്ടിരിക്കുന്ന (Secularisation) ഒരു ലോകത്താണ് നാം ജീവിക്കുക. ജീവിതത്തെ വിശ്വാസത്തിന്റെ പിടിയിൽനിന്ന് വിമുക്തമാക്കി സ്വയം ശാസിതമാക്കുന്ന സാമൂഹിക പ്രക്രിയയാണ് ലൗകീകരണം. അതിന്റെ ഫലമായി സമൂഹത്തിൽ മൂന്ന് രീതിയിലുള്ള പ്രതിസന്ധികൾ ഉടലെടുക്കുന്നു. ഒന്ന്, കുടുംബ തകർച്ച രണ്ട്, വിശ്വാസ തകർച്ച മൂന്ന്, മൂല്യ തകർച്ച. സമൂഹത്തിന്റെ എല്ലാ മേഖലയിലും ഈ പ്രതിസന്ധികളുടെ പ്രതിഫലനം ദൃശ്യമാണ്. സഭ ആധുനികലോകത്തിൽ എന്ന രണ്ടാം വത്തിക്കാൻ കൗൺസിലിന്റെ പ്രമാണ രേഖയിൽ ലോകത്തോട് നമുക്ക് ക്രിയാത്മകമായ സമീപനം ആവശ്യമാണെന്ന് വ്യക്തമാക്കുന്നു. സഭയുടെ അഥവാ അല്മായരുടെ ലോകത്തിലുള്ള ദൗത്യം വിശ്വാസ വിപുലീകരണത്തിന്റെയും, സ്നേഹത്തിന്റെയും, ശുശ്രൂഷയുടെതുമായിരിക്കണം. കൂടുതൽ വിശ്വാസത്തോടെയും, സ്നേഹത്തോടെയും, ഔദാര്യത്തോടെയും, കാര്യക്ഷമതയോടെയും ആധുനികലോകത്തെ മനുഷ്യനെ ശുശ്രൂഷിക്കുന്നതിന് അല്മായർ ജാഗ്രത കാട്ടണം. ക്രിസ്തു മറ്റുള്ളവർക്കുവേണ്ടി മനുഷ്യനായത് പോലെ ഓരോ അല്മായനും സമൂഹത്തിൽ മറ്റുള്ളവർക്ക് വേണ്ടിയുള്ള സഭാ ശുശ്രൂഷിയാവണം. പ്രത്യേകിച്ച് വെല്ലുവിളികളും, കഷ്ടതയും, ദാരിദ്ര്യവും അനുഭവിക്കുന്ന

ജനങ്ങളുടെ ഇടയിൽ അല്മായരുടെ ശുശ്രൂഷാദൗത്യത്തിന് പ്രസക്തിയേറുന്നു. മനുഷ്യന്റെ ഭൗതീകാവശ്യങ്ങൾ നിറവേറ്റുന്നതിനും അവന്റെ അന്തസ്സിന് യോജിച്ച രീതിയിൽ ജീവിക്കുവാൻ സഹായിക്കുന്നതിനും അല്മായർ നേതൃത്വം നൽകണം. അല്മായർ ലോകത്തിൽ പ്രവർത്തിക്കുന്നത്, പ്രത്യേകിച്ചും രാഷ്ട്രീയ, സാമൂഹിക, സാംസ്കാരിക, വിദ്യാഭ്യാസ, സാങ്കേതിക രംഗങ്ങളിൽ പ്രവർത്തിക്കുന്നത് യേശുവിന്റെ സ്നേഹത്തിനും കരുണയ്ക്കും സാക്ഷികളായി കൊണ്ടാകണം.

അല്മായർ ലോകത്തിൽ ആയിരിക്കുക എന്നത് ലോകത്തിൽ സുവിശേഷ മൂല്യങ്ങൾ ജീവിക്കാനും, സാക്ഷിയാകുവാനും കൂടിയാണ്. മനുഷ്യാവകാശ സംരക്ഷണം, ജനാധിപത്യം, മതേതരത്വം, സാമൂഹിക, സാമ്പത്തിക വികസനം, സമൂഹത്തിലെ ദുർബല വിഭാഗങ്ങളുടെ സംരക്ഷണം, മദ്യം മയക്കുമരുന്ന് എന്നിവയ്ക്കെതിരെയുള്ള പോരാട്ടങ്ങൾ എന്നിവയെല്ലാം അല്മായ പ്രേഷിത പ്രവർത്തനത്തിന്റെ പരിഗണനയിൽ പ്പെടേണ്ട സംഗതികൾ തന്നെയാണ്. ഈ ശുശ്രൂഷകളിൽ നാം ഇടപെടുന്നത് ദൈവരാജ്യത്തിന് വേണ്ടിയാണ്. ആത്യന്തികമായി സഭയുടെ ശുശ്രൂഷയും, അല്മായ ശുശ്രൂഷയും ദൈവരാജ്യത്തിന്റെ ശുശ്രൂഷയാണ്. അല്മായ പ്രേഷിതത്വം ദൈവരാജ്യത്തിന് വേണ്ടിയുള്ള വിശ്വസ്ത സേവനമാണ്. ശുശ്രൂഷിക്കപ്പെടാൻ ആഗ്രഹിക്കാതെ ശുശ്രൂഷിക്കുവാനും അനേകരുടെ മോചനത്തിന് വിലയായി സ്വയം നൽകുവാനും വന്ന (മർക്കോ 10:45) യേശുവിനെ അനുകരിക്കുന്നതാകണം അല്മായ ശുശ്രൂഷകൾ.

## 4) അല്മായ ദിനാഘോഷം

നമ്മുടെ അല്മായ ദിനാഘോഷം സഭയിലെ എല്ലാ അല്മായരുടെയും പൊതു ആഘോഷമാണ്. മലങ്കര സുറിയാനി കത്തോലിക്കാ സഭയിൽ പ്രവർത്തിക്കുന്ന എല്ലാ അല്മായ സംഘടനകളും പ്രത്യേകിച്ച് MCA, MCMF, MCYM, സുവിശേഷ സംഘം, വിൻസെന്റ് ഡി. പോൾ, ലീജിയൻ ഓഫ് മേരി, പിതൃസംഘം, പ്രാർത്ഥനാ കൂട്ടായ്മകൾ തുടങ്ങിയ എല്ലാ സംഘടനകളും ഒന്നിച്ച് ഈ ദിനം പ്രാർത്ഥനാപൂർവ്വം ആഘോഷിക്കണമെന്ന് താല്പര്യപ്പെടുന്നു. നമ്മുടെ സഭയുടെ അതിവേഗത്തിലുള്ള വളർച്ചയ്ക്ക് അല്മായ സംഘടനകൾ നൽകുന്ന പ്രേഷിത ശുശ്രൂഷകളെ കൃതജ്ഞതയോടെ ഓർക്കുന്നു. മിഷൻ ഭദ്രാസ

നങ്ങളിലും, പ്രദേശങ്ങളിലും വലിയ ത്യാഗത്തോടെ മിഷൻ പ്രവർത്തനം നടത്തുന്ന അല്മായരെ പ്രാർത്ഥനയിൽ സമർപ്പിക്കുന്നു. ഭാരതത്തിന് പുറത്തുള്ള നമ്മുടെ ഭദ്രാസനങ്ങളിലും, മറ്റ് സ്ഥലങ്ങളിലും പ്രവർത്തിച്ചുകൊണ്ട് സഭയെ പണിതുയർത്താൻ നിരന്തരം പ്രവർത്തിക്കുന്ന അല്മായരോട് സഭക്കുള്ള കടപ്പാട് അറിയിക്കുന്നു. അല്മായ ദിനത്തിലെ വിശുദ്ധ കുർബാന മദ്ധ്യേ എടുക്കുന്ന സ്തോത്രകാഴ്ച മുൻ വർഷത്തെപ്പോലെ ഈ വർഷവും അല്മായ ശുശ്രൂഷകൾക്ക് നൽകണം. ഈ സ്തോത്ര കാഴ്ച നിറഞ്ഞ സന്തോഷത്തോടെ ഉദാരമായി നൽകി നമ്മുടെ സഭയിലെ അല്മായ ശുശ്രൂഷയെ പ്രോത്സാഹിപ്പിക്കണമെന്ന് ആഹ്വാനം ചെയ്യുന്നു. നമ്മുടെ സഭയുടെ തീരുമാനപ്രകാരം പ്രസ്തുത സ്തോത്ര കാഴ്ച നമ്മുടെ വികാരിയച്ചന്മാർ ശേഖരിച്ച് അതത് അതിഭദ്രാസന, ഭദ്രാസന പ്രൊക്കുറേറ്റർമാർക്ക് അയച്ചു കൊടുക്കേണ്ടതും, അവർ പ്രസ്തുത തുകയുടെ പകുതി അതിഭദ്രാസന, ഭദ്രാസന അല്മായ ശുശ്രൂഷകൾക്ക് ഉപയോഗിക്കേണ്ടതും ബാക്കി സഭാതല അല്മായ ശുശ്രൂഷകൾക്കായി കാതോലിക്കേറ്റ് സെന്ററിൽ സഭാതല ഫിനാൻസ് ഓഫീസിൽ എത്തിക്കേണ്ടതുമാണ്. ദൈവമാതാവും അല്മായ പ്രസ്ഥാനത്തിന്റെ സ്വർഗീയ മധ്യസ്ഥനായ വി. യൗസേഫ് പിതാവും നമുക്ക് മാദ്ധ്യസ്ഥം വഹിക്കട്ടെ.

അല്മായ ദിനത്തിന്റെ അനുഗ്രഹങ്ങൾ എല്ലാവർക്കും ഒരിക്കൽകൂടി ആശംസിക്കുന്നു. ദൈവം അനുഗ്രഹിക്കട്ടെ.

എന്ന്,



**✠ ഡോ. ജോസഫ് മാർ തോമസ് മെത്രാപ്പോലിത്താ**
അല്മായ സംഘടനകളുടെ ഏകോപനത്തിനുവേണ്ടിയുള്ള
സുന്നഹദോസ് കൗൺസിലിന്റെ മോഡറേറ്റർ &
ബത്തേരി ഭദ്രാസനാദ്ധ്യക്ഷൻ

കാതോലിക്കേറ്റ് സെന്റർ
പട്ടം, തിരുവനന്തപുരം
അല്മായദിനം – 2026

**N.B.** ഈ സർക്കുലർ അല്മായ ദിനമായ മെയ് 3-ാം തീയതി ഞായറാഴ്ച വി. കുർബാന മദ്ധ്യേ നമ്മുടെ എല്ലാ പള്ളികളിലും മിഷൻ കേന്ദ്രങ്ങളിലും വായിക്കേണ്ടതാണ്.